NHDP Phase IV-ൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോട് കൂടി രണ്ട് വരിയായും BOT വ്യവസ്ഥയിൽ PPP ആയി വികസിപ്പിക്കുവാൻ NHAI യുമായി ധാരണയുണ്ടായിട്ടുണ്ട്. എന്നാൽ പിന്നീട് സർവ്വകക്ഷിയോഗത്തിന്റെ തീരുമാനവും സർക്കാർ തീരുമാനവും അനുസരിച്ച് BOT വ്യവസ്ഥ ഒഴിവാക്കി ദേശീയ പാതാ വികസനം നടപ്പിലാക്കണമെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) മധുര-കോട്ടയം-ചേർത്തല റോഡ്, ആനാട്-പൊൻമുടി റോഡ് എന്നിവ ടൂറിസം ഹൈവേകളായി നടപ്പിലാക്കുകയാണ്. ഇതിൽ ആനാട്-പൊൻമുടി റോഡ് നിർമ്മാണം പൂർത്തിയായി.

**ദേശീയ പാതകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

186 (4540) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം തീരുമാനം കൈക്കൊള്ളുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് പുതുതായി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് ; ഇതിനായി സർക്കാർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ദേശീയപാത വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇപ്പോൾ സർവ്വേകൾ നടന്നുവരുന്നത് ;

(ഡി) ഇത്തരം സർവ്വേ നിറുത്തിവയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) ഇത്തരത്തിൽ സർവ്വേ നടത്തുന്നതിന് ഇപ്പോൾ എന്ത് സാങ്കേതിക ബുദ്ധിമുട്ടുകളാണുള്ളത് ?

ഉത്തരം

(എ - ഇ) ദേശീയപാത 47, 17 എന്നിവ ബി.ഒ.ടി. വ്യവസ്ഥയിൽ 4 വരി പാതയായി വികസിപ്പിക്കുന്നതിനുവേണ്ടി 45 മീറ്റർ വീതിയിൽ സ്ഥലമെടുപ്പ് പുരോഗമിച്ചു വരികയായിരുന്നു. എന്നാൽ റോഡിന്റെ വീതി 30 മീറ്റർ മതിയെന്നും ബി.ഒ.ടി. വ്യവസ്ഥ ഒഴിവാക്കണമെന്നും പൊതുഅഭിപ്രായമുണ്ടാകുകയും

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകക്ഷി യോഗത്തിൽ അങ്ങനെ തീരുമാനമെടുക്കുകയും മന്ത്രിസഭയും അത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിരിക്കുകയാണ്. ആയതിന് ഇതുവരെയും മറുപടി ലഭിച്ചിട്ടില്ല. ഈ കാരണത്താൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. ഇതിനായി പ്രത്യേക സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാരിന്റെ നിലപാട് രേഖാമൂലം ലഭിച്ചതിനുശേഷവും മാത്രമേ സർവ്വേ നടപടികൾ പുനരാരംഭിക്കുകയുള്ളു.

**റിവൈസ്ഡ് എസ്റ്റിമേറ്റ്**

187 (4541) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് അനുവദിക്കുന്ന രീതി അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തു കഴിഞ്ഞ പ്രവൃത്തികൾക്ക് വൈകാതെ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റുകൾ സമർപ്പിക്കുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എന്തുകൊണ്ടാണ് ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും ?

ഉത്തരം

(എ) ഇക്കാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്.

(ബി) ഉണ്ട്.

(സി) അനിവാര്യമായ സാഹചര്യങ്ങളിലൊഴികെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്ന രീതി അഭികാമ്യമല്ല. ഇത് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**തലസ്ഥാന നഗരിയിലെ റോഡ് വികസന പ്രവർത്തനങ്ങൾ**

188 (4542) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ റോഡു വികസന പദ്ധതിയിൻകീഴിൽ ഇനിയും ഏതൊക്കെ പണികളാണ് പൂർത്തീകരിക്കാനുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly